**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**27 July 2018 (13 Dhul Qaddah 1439 AH)**

# "Forgiveness"/മാപ്പ് നല്കൽ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **മാപ്പ് നല്കൽ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

നിങ്ങളിൽ അനേകരും (മുസ്ലിംകൾ) നിങ്ങളുടെ സഹോദരീ സഹോദരന്മാരോട് പരസ്പരം സംസാരിക്കുന്നവരല്ല. എത്ര ആൺമക്കളുടെ ഭാര്യമാരാണ് തങ്ങളുടെ ഭർത്താക്കന്മാരുടെ മാതാക്കളോട് സംസാരിക്കാതിരിക്കുന്നത്? അതിലും മോശമായതു പറയട്ടെ, എത്ര എത്ര മാതാപിതാക്കളാണ് തങ്ങളുടെ മക്കളുമായി സംസാരിക്കാതെ കഴിഞ്ഞുകൂടുന്നത്? ദൗർഭാഗ്യവശാൽ ഈ പട്ടിക വളരെ സുദീർഘമാണ്.

ഒരു കാര്യം പറയാതിരിക്കാൻ കഴിയില്ല, അതായത് ഒരു യഥാർത്ഥവിശ്വാസി, അല്ലാഹുവിന്റെ മാപ്പ് അന്വേഷിക്കുന്നവാണ്, എന്നാൽ നാം മറന്നുപോകുന്ന ഒരു കാര്യമുണ്ട്, അത് ഒരു പക്ഷേ അജ്ഞതകൊണ്ടാകാം അല്ലെങ്കിൽ ഞാനെന്ന ഭാവം കൊണ്ടാകാം, നമ്മോട് തെറ്റ് ചെയ്തവരോട് മാപ്പ് ചെയ്യുന്ന കാര്യം! അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് മാപ്പുചെയ്യുന്നവനാണ് എന്ന കാര്യം മനസ്സിലാക്കുന്നത് നല്ല കാര്യമാണ്. "അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ മാപ്പ് ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുന്നു. അല്ലാഹു അധികം മാപ്പ് ചെയ്യുന്നവനും, കരുണാവാരിധിയുമാണ്" (3:130)

നമുക്ക് നമ്മോട് ചോദിക്കാവുന്ന ഒരു ചോദ്യമാണ് ഞാൻ എന്തുകൊണ്ട് മാപ്പ് ചെയ്യണം? നമുക്ക് ധാരാളം ന്യൂനതകൾ

ഉണ്ടെങ്കിൽ പോലും, അനേകം തെറ്റുകുറ്റങ്ങൾ ഉണ്ടെങ്കിൽ പോലും, മോശം പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ പോലും, അല്ലാഹു നമ്മോട് മാപ്പ് ചെയ്യുകയാണെങ്കിൽ, എനിക്ക് എന്തുകൊണ്ട്, എന്റെ മാതാവിനോട്, എന്റെ പിതാവിനോട്, എന്റെ സ്വന്തം സഹോദരനോട്, അല്ലെങ്കിൽ എന്റെ സ്വന്തം സഹോദരിയോട്, എന്റെ സന്താനങ്ങളോട്, നിയമാനുസൃതം സന്താനങ്ങളായവരോട്, തുടങ്ങി മറ്റു പലരോടും മാപ്പ് ചെയ്യാൻ കഴിയുന്നില്ലേ?

മാപ്പ് ചെയ്യുക എന്നത് അല്ലാഹുവിന്റെ പ്രവാചകന്മാരുടെ ഒരു ഗുണമാണ്. എന്നാൽ നിങ്ങൾക്ക് എന്നോട് ചോദിക്കാം, ഞങ്ങൾ അല്ലാഹുവിന്റെ പ്രവാചകന്മാരല്ലല്ലോ? എന്നാൽ അല്ലാഹുവിന്റെ പ്രവാചകന്മാർ, അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ഠരാകുന്നു. അവരെ നാം തീർച്ചയായും മാതൃകകളാക്കേണ്ടതാണ്. അവരുടെ ജീവിതം നാം പഠന വിഷയമാക്കുമ്പോൾ, നമുക്ക് മനസ്സിലാകുന്ന ഒരു കാര്യം അവർ ജനങ്ങളുടെ ഹൃദയം കീഴടക്കിയത്, അവർക്ക് മാപ്പ് നല്കുന്നതിലൂടെയായിരുന്നു. അല്ലാഹുവിന്റെ ഒരു നല്ല അടിമയുടെ ഗുണം ഇതാകുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു(ത) നമ്മോട് പറയുന്നു, മുതഖീങ്ങളിൽ നിന്ന് ആരാണ് സ്വർഗത്തിൽ പ്രവേശിക്കുന്നത്? തങ്ങളുടെ സഹോരങ്ങൾക്ക് മാപ്പ് ചെയ്തവരായ ആളുകളാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത്. ഇത്തരത്തിൽപ്പെട്ട ആളുകളായി നമ്മെ പരിഗണിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, നമ്മുടെ സഹോദരീ സഹോദരന്മാർക്ക് മാപ്പ് ചെയ്യുവാനുള്ള സന്നദ്ധത നാം നമ്മിൽ വളർത്തി എടുക്കേണ്ടായിട്ടുണ്ട്. മുതഖിയെ സംബന്ധിച്ച് അല്ലാഹു(ത) പറയുന്നു. ‘‘അവർ തങ്ങളുടെ കോപത്തെ നിയന്ത്രിക്കുന്നവരും, മറ്റുള്ളവർക്ക് മാപ്പ് ചെയ്യുന്നവരുമാണ് ’’ 3:135

ഒരുവനെ മുതഖി ആക്കി മാറ്റുന്ന ഘടകമെന്താണ്? ഒന്നാമതായി കോപം നിയന്ത്രിക്കുവാനുള്ള കഴിവാണ്. അവന് കഴിവും ശക്തിയുമുള്ളതോടൊപ്പം, അവനോട് തെറ്റുചെയ്തവർക്ക് മാപ്പു ചെയ്യുക എന്നതും മുതഖിയുടെ മറ്റൊരു ലക്ഷണമാണ്. മാപ്പ് ചെയ്യുന്നതിലൂടെ നാം ഒരിക്കലും അപമാനിതരായിതീരുകയില്ല. ഏതൊരുവൻ തന്റെ സഹോദരന് മാപ്പ് ചെയ്യുന്നുവോ, അവന് യാതൊന്നും നഷ്ടപ്പെടുന്നില്ല എന്ന് മാത്രമല്ല, അല്ലാഹു (ത) അവനെ ബഹുമാനിതനാക്കിത്തീർക്കുകയും ചെയ്യുന്നു. പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു. ‘‘അല്ലാ

ഹുവിന്റെ തൃപ്തിയെ കാംഷിച്ചുകൊണ്ട്, ഒരുവൻ മാപ്പ് ചെയ്താൽ അല്ലാഹു (ത)അവന്റെ പദവിയെ ഉയർത്തുന്നതാണ്'' (മുസ്ലിം)

മറ്റുള്ളവർക്ക് മാപ്പ് ചെയ്യുന്നതിലൂടെ, അവൻ ദൈവീക മാപ്പും ജനങ്ങളുടെ മാപ്പും കരസ്ഥമാക്കുന്നതാണ്. പ്രവാചകൻ (സ) നമ്മോട് കല്പിച്ചിരിക്കുന്നു. ''മറ്റുള്ളവർ നമ്മോട് എങ്ങനെ പെരുമാറണമെന്ന് നാം ആഗ്രഹിക്കുന്നുവോ, അതുപോലെ, നാം അവരോട് പെരുമാറുക.'' നമ്മുടെ ഒരു വാക്ക് കൊണ്ടോ ഒരു പ്രവർത്തികൊണ്ടോ ഒരാളോട് നാം തെറ്റു ചെയ്താൽ, അഥവാ ബുദ്ധിമുട്ടിച്ചാൽ, അവൻ നമുക്ക് മാപ്പ് ചെയ്യുന്നത് നാം ഇഷ്ടപ്പെടില്ലേ? ആയതിനാൽ നമുക്ക് മറ്റുള്ളവർക്ക് മാപ്പുചെയ്തുകൊടുക്കാം, അങ്ങനെ ആയാൽ അവർ നമുക്കും മാപ്പുചെയ്യുന്നതാണ്.

ദൈവദൂതൻ(സ) വീണ്ടും നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ സഹോദരങ്ങൾക്ക് (മാനവസഹോദരങ്ങൾക്ക്) നാം മാപ്പ് ചെയ്യുമ്പോൾ, നമുക്ക് അല്ലാഹുവിൽ നിന്നുള്ള മാപ്പ് പ്രതിഫലമായി ലഭിക്കുന്നു. മറ്റുള്ളവരോട് ക്ഷമിക്കുന്നവരോട് അല്ലാഹുവും ക്ഷമിക്കുന്നു. ദൈവത്തിൽ നിന്നുള്ള മാപ്പ് ലഭിക്കുവാനുള്ള ഒരു വഴി, മറ്റുള്ളവരോട് ക്ഷമിക്കുന്നതിനുള്ള കഴിവ്, നമ്മിൽ വളർത്തി എടുക്കുക എന്നതാണ്. മറ്റുള്ളവരോട് ക്ഷമിക്കുന്നതിലൂടെ, ദൈവക്രോധം നമ്മിലേക്ക് എത്താതിരിക്കും. നാം മറ്റുള്ളവർക്ക് മാപ്പ് ചെയ്യുന്നില്ലെങ്കിൽ, നാം നമ്മുടെ തന്നെ രക്ഷാകവാടം അടയ്ക്കുകയാണ് ചെയ്യുന്നത്. ദൈവദൂതൻ (സ) പറഞ്ഞു. ''മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുക, അപ്പോൾ നിങ്ങൾക്ക് കരുണ ലഭിക്കും. മറ്റുള്ളവർക്ക് മാപ്പ് ചെയ്യുക അപ്പോൾ അല്ലാഹു നിങ്ങൾക്ക് മാപ്പ് ചെയ്യും'' (അഹ്മദ്)

<u>**എത്ര തവണ നമുക്ക് മാപ്പ് ചെയ്യാം:**</u> ഹദീസുകളിൽ നിന്നും നമുക്ക് മനസ്സിലാകുന്ന ഒരു കാര്യം ഒരു വിശ്വാസി തന്റെ സഹോദരന് വലിയ അളവിൽ മാപ്പ് ചെയ്യുവാൻ തയ്യാറുള്ളവനനായിരിക്കണം എന്നാണ്. അബ്ദുല്ലാഹ് ഇബ്ന് ഉമർ (റ) റിപ്പോർട്ട് ചെയ്തിയിരിക്കുന്നു. ഒരാൾ പരിശുദ്ധ പ്രവാചകൻ(സ) നെ കാണാൻ വന്നു, വന്നിട്ട് ചോദിച്ചു. അല്ലയോ അല്ലാഹുവിന്റെ ദൂതരെ! ഞാനെന്റെ സേവകനോട് എത്ര പ്രാവശ്യം ക്ഷമിക്കണം അഥവാ മാപ്പ് ചെയ്യണം? പ്രവാചകൻ(സ) മൗനം അവലംബിച്ചു. അപ്പോൾ അദ്ദേഹം അതേ ചോദ്യം ആവർത്തിച്ചു. അപ്പോഴും പ്രവാചകൻ(സ) മൗനം അവലംബിച്ചു. പ്രസ്തുത മനുഷ്യൻ

മൂന്നാമതും പ്രവാചകൻ (സ) നോട് പ്രസ്തുത ചോദ്യം ആവർത്തക്കുകയുണ്ടായി. അപ്പോൾ പ്രവാചകൻ (സ) പറഞ്ഞു. ഓരോ ദിവസവും എഴുപതു പ്രാവശ്യം ക്ഷമിക്കുക (അബൂദാവൂദ്)

ഈ പ്രഭാഷണം നിങ്ങളെ വിനയമുള്ളവനും, വിവേകികളും, സൗമത്യയുള്ളവരും ഞാനെന്നഭാവമില്ലാത്തവരും, എല്ലാവരോടും സ്നേഹമുള്ളവരും, അത് നിങ്ങളുടെ ശരീരത്തിലും ആത്മാവിലും തിളങ്ങിനില്ക്കുമെന്നും, വെറുപ്പ്, നിസ്സഹരണം, നിങ്ങളിലോരോരുത്തരിലുമുള്ള മറ്റു തിന്മകൾ (എന്റെ അനുചരന്മാരിലും മറ്റു മുസ്ലിംകളിലും) ഇവ കരിച്ച് ചാമ്പലാക്കി തീർക്കുമെന്നും, ഉണക്ക ഇലകളെ അഗ്നികരിച്ച് ചാമ്പലാക്കുന്നതുപോലെ, അങ്ങനെ നിങ്ങളിൽ ഒരു നല്ല പരിവർത്തനം ഉണ്ടാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ഇൻശാ അല്ലാഹ്! ആ സമയം നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്ന ഒരു യഥാർത്ഥ വിശ്വാസിയായി മാറുന്നതാണ്. ഓരോ വ്യക്തിയും തന്റെ സഹജീവിയോട് മാപ്പ് ചെയ്താൽ, എനിക്കുറപ്പുണ്ട്, ലോകം മുഴുവൻ സമാധാനത്തിന്റെ ഭരണത്തിൻ കീഴിലാകും. യുദ്ധമില്ലാത്ത ലോകം, കൊല ഇല്ലാത്ത ലോകം, നിങ്ങളെപോലുള്ള മനുഷ്യരെകൊല്ലാത്ത ലോകം! അതു കൊണ്ട് വീട്ടിൽ സമാധാനമുണ്ടാകട്ടെ, കുടുംബത്തിൽ സമധാനമുണ്ടാകട്ടെ, സമുദായത്തിൽ സമാധാനമുണ്ടാകട്ടെ, രാജ്യത്ത് സമധാനമുണ്ടാകട്ടെ, ലോകത്ത് സമാധാനമുണ്ടാകട്ടെ! ഇതിനായി നമോരോരുത്തരും മാപ്പ് ചെയ്യാൻ പഠിക്കേണ്ടത് വളരെ അനിവാര്യമായ കാര്യമാണ്. ഇൻശാ അല്ലാഹ്! നമ്മുടെ മനസ്സുകളും ഹൃദയങ്ങളും മാപ്പു ചെയ്യാനായി അല്ലാഹു(ത) തുറക്കട്ടെ! അങ്ങനെ നാം വിനയാന്വിതരായി തീരട്ടെ! ഇൻശാ അല്ലാഹ് ! ആമീൻ സുമ്മ ആമീൻ.

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**